# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *262 — 20/06/2013 ൽ മറുപടിക്ക്

## സ്കൂളുകളിൽ പോഷകാഹാര , പ്രഭാത - ഉച്ചഭക്ഷണ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, വി. തിലോത്തമൻ<br>,, കെ. രാജു<br>,, മുല്ലക്കര രത്നാകരൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പോഷകാഹാര പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് എന്തെല്ലാമാണ് നൽകിവന്നിരുന്നത്; നിറുത്തിവച്ച ഈ പദ്ധതി ഈ അദ്ധ്യയനവർഷം മുതൽ വീണ്ടും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ നൽകി തുടങ്ങും; ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) പോഷകാഹാര പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ടു ദിവസം പാലും ഉൾപ്പെടെയുള്ള ഭക്ഷണം സ്കൂൾ തുറന്ന ദിവസം മുതൽ നൽകിവരുന്നു. ഈ പദ്ധതി നിറുത്തിവച്ചിട്ടില്ല. ഈ അധ്യയന വർഷം സ്കൂൾ തുറന്ന ദിവസം മുതൽ തന്നെ ഉച്ചഭക്ഷണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ റവന്യൂ ജില്ലാ തലം വരെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ സ്കൂളുകളിൽ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി ഈ അദ്ധ്യയനവർഷം എന്നാണ് ആരംഭിക്കുന്നത്; ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; പ്രഭാത ഭക്ഷണത്തിലും ഉച്ചഭക്ഷണത്തിലും നിഷ്കർഷിക്കുന്ന വിഭവങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | ബി) ഉച്ചഭക്ഷണപദ്ധതി ഈ വർഷം സ്കൂൾ തുറന്ന ദിവസം (03/06/2013) മുതൽ ആരംഭിച്ചിട്ടുണ്ട്. ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിനായി ഈ വർഷം 336 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണകമ്മിറ്റിയുടെ തീരുമാനപ്രകാരം |

ഉച്ചഭക്ഷണത്തിന് പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിക്കൂടി ഓരോ ദിവസവും കുട്ടികൾക്ക് നൽകേണ്ട ഭക്ഷണത്തിന്റെ മെനു തീരുമാനിച്ച് നടപ്പിലാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രഭാതഭക്ഷണ പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാനപങ്ങളാണ് നടത്തിവരുന്നത്.

വയനാട് ജില്ലയിലെ ആദിവാസി മേഖലയിലും തിരുവനന്തപുരം കോർപ്പറേഷൻ നഗര പരിധിയിലുള്ള സർക്കാർ സ്കൂളുകളിലും തീരദേശ എയിഡഡ് സ്കൂളുകളിലും പ്രഭാത ഭക്ഷണ പരിപാടി നടത്തിവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതേ മോഡൽ സംസ്ഥാനത്തിലെ ഉച്ചഭക്ഷണ പദ്ധതി നിലവിലുള്ള സ്കൂളുകളിൽ കൂടി നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

| | | | |
|---|---|---|---|
| സി) | പോഷകാഹാര, പ്രഭാത - ഉച്ചഭക്ഷണ പരിപാടി സ്കൂളുകളിൽ വിജയകരമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | പോഷകാഹാര-ഉച്ചഭക്ഷണ പരിപാടി സ്കൂളുകളിൽ വിജയകരമായി നടപ്പാക്കിവരുന്നു. പ്രഭാത ഭക്ഷണം കൂടി നൽകുന്ന കാര്യം തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കാൻ കഴിയുമോ എന്നത് പരിശോധിച്ച് വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ